## 1175

വരുവിൻ! യേശുവിന്നരികിൽ-എത്രനല്ലവൻ താൻ രുചിച്ചറികിൽ
വരുവിൻ! കൃപകൾ പൊഴിയും കുരിശിന്നരികിൽ

1 കൃപമേൽ കൃപയാർന്നിടുവാൻ നിങ്ങൾ പരമപദം ചേർന്നിടുവിൻ
ധരയിൽ നടന്ന തൻചരണം നിങ്ങൾക്കരുളും ശാശ്വതശരണം
അല്ലും പകലും മുന്നിൽ നിൽപവൻ തുണയായ്-

2 പരിശോധനകൾ വരികിൽ മനം പതറാതാശ്രയിച്ചിടുവിൻ
ബലഹീനതയിൽ കവിയും കൃപമതിയെന്നാശ്വസിച്ചിടുവിൻ
വിരവിൽ വിനകൾ തീരും സകലവും ശുഭമാം

3 സ്നേഹിതരേവരും വെടിഞ്ഞാൽ അതു യേശുവിനോടു നീ പറഞ്ഞാൽ
സ്നേഹിതരില്ലാക്കുരിശിൽ പെട്ടപാടുകളെഴും തൻകരത്താൽ
നന്നായ് നടത്തും വീട്ടിൽ ചേരും വരെയും-

4 ഒരുനാൾ നശ്വരലോകം വിട്ടുപിരിയും നാമതിവേഗം
അങ്ങേക്കരയിൽ നിന്ന് നമ്മൾ നേടിയതെന്തെന്നെണ്ണും
ലോകം വെറുത്തോർ വില നാമന്നാളറിയും- **M.E.C.**